# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3197

14-03-2018 ൽ
മറുപടിയ്ക്ക്

### നോൺ ജേണലിസ്റ്റുകളുടെ പെൻഷൻ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പത്രപ്രവർത്തന മേഖലയിൽ ജോലി ചെയ്തിരുന്ന നോൺ ജേണലിസ്റ്റുകളുടെ പെൻഷൻ വിതരണ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) 2017 ഡിസംബർ വരെയുള്ള പെൻഷനും ആശ്രിത പെൻഷനും വിതരണം ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതാണ്. |
| (ബി) 2013 മുതലുള്ള അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്ന പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പെൻഷൻ പ്രശ്നം പരിഹരിക്കുന്നതിന് പെൻഷൻ കമ്മിറ്റി രൂപവത്ക്കരിച്ചിട്ടുണ്ടോ ; ആയതിന്റെ ഘടന വ്യക്തമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനായി പെൻഷൻ കമ്മിറ്റി രൂപവത്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) ഈ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ; കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ? | (സി) ഈ കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയുടെ ആദ്യത്തെ സിറ്റിംഗ് 2018 ഏപ്രിൽ 3-ാം തീയതി ചേരുവാൻ തീരുമാനമായിട്ടുണ്ട്. തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് കമ്മിറ്റി ലഭ്യമാക്കുന്ന ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

Kunjikrishnan

സെക്ഷൻ ഓഫീസർ

ഭരണാനുമതി

കേരള സർക്കാർ

സംഗ്രഹം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി പുന:സംഘടിപ്പിച്ച് ഉത്തരവാകുന്നു.

---

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

സ.ഉ (സാധാ) നം.50/2017/ഐ&പി.ആർ തിരുവനന്തപുരം, തീയതി : 22-02-2017

---

പരാമർശം:- 1. 4/2/2000 ലെ സ.ഉ (സാധാ) നം. 2/2000/പി.ആർ
2. 17.11.2012 ലെ സ.ഉ (സാധാ) നം .650/2012/ ഐ&പി.ആർ
3. 30-01-2016 ലെ സ.ഉ (സാധാ) നം. 42/2016/ഐ&പി.ആർ
4. ജനറൽ സെക്രട്ടറി,കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ 27-07-2016 ൽ സമർപ്പിച്ച അപേക്ഷ.
5. ജനറൽ സെക്രട്ടറി,,നോൺ ജേർണലിസ്റ്റ് പെൻഷനേഴ്സ് യൂണിയൻ സമർപ്പിച്ച അപേക്ഷ.

## ഉത്തരവ്

സൂചന (1) ലെ ഉത്തരവ് പ്രകാരമുള്ള പത്രപ്രവർത്തകേതര ജീവനക്കാരുടെ (നോൺ ജേർണലിസ്റ്റ്) പെൻഷൻ പദ്ധതിയുടെ ഭരണസമിതിയിൽ പദ്ധതിയുടെ നടത്തിപ്പിന് മുഖ്യമന്ത്രി (ചെയർമാൻ), പബ്ലിക് റിലേഷൻസ് ഡയറക്ടർ (കൺവീനർ), കമ്മീഷണർ & സെക്രട്ടറി (ധനവകുപ്പ്), കമ്മീഷണർ & സെക്രട്ടറി (തൊഴിൽവകുപ്പ്), നോൺ ജേർണലിസ്റ്റ് പ്രതിനിധികൾ എന്നിവർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (2) പ്രകാരം പുന:സംഘടിപ്പിച്ച ഭരണസമിതിയുടെ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ഭരണസമിതി പുന:സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ഭരണസമിതി യോഗം ചേർന്നിട്ടില്ല.

2. പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി പുന:സംഘടിപ്പിക്കുന്നതിനായി പരാമർശം (4) (5)പ്രകാരം അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തകേതര പെൻഷൻ കമ്മിറ്റി താഴെപ്പറയും പ്രകാരം പുന:സംഘടിപ്പിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1. ബഹു.മുഖ്യമന്ത്രി | ചെയർമാൻ |
| 2. പബ്ലിക് റിലേഷൻസ് ഡയറക്ടർ | കൺവീനർ |
| 3. കമ്മീഷണർ & സെക്രട്ടറി(ധനവകുപ്പ്) | അംഗം |
| 4. കമ്മീഷണർ & സെക്രട്ടറി(തൊഴിൽവകുപ്പ്) | അംഗം |
| 5. പ്രസിഡന്റ്,കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ | അംഗം |
| 6. ജനറൽ സെക്രട്ടറി,കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ | അംഗം |
| 7. ജനറൽ സെക്രട്ടറി , ആൾ ഇന്ത്യാ ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ | അംഗം |

3. കമ്മിറ്റിയുടെ കാലാവധി 3 വർഷമായിരിക്കും. ഇതോടെ "A" ക്ലാസ് മെമ്പർമാരെ
അംഗീകരിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുരേഷ് കുമാർ.പി.എൻ
ഡെപ്യൂട്ടി സെക്രട്ടറി
**(അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി)**

പ്രസിഡന്റ്, കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ
ജനറൽ സെക്രട്ടറി,കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ
ജനറൽ സെക്രട്ടറി,ആൾ ഇന്ത്യാ ന്യൂസ് പേപ്പർ എംപ്ലോയീസ്. ഫെഡറേഷൻ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
അക്കൗണ്ട്സ് ഓഫീസർ
ഇൻഫർമേഷൻ ഓഫീസർ (പ്രസ് റിലീസ്)
ഇൻഫർമേഷൻ ഓഫീസർ (വെബ്&ന്യൂ മീഡിയ) -വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യ മന്ത്രിയുടെ പി,എസ്
ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടർ (ജനറൽ)ടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ

സെക്ഷൻ ഓഫീസർ